# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1133 05.03.2018 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസ് റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |
| (എ) വില്ലേജ് ഓഫീസുകളിൽ ഡിജിറ്റൈസേഷൻ നടത്താൻ പദ്ധതിയുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്തെ റീ സർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. റീസർവ്വെ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്ക്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വെ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ-സർവ്വെ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ആകെയുള്ള 1664 വില്ലേജുകളിൽ 1445 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** | വില്ലേജിലെ ഏതൊക്കെ റിക്കാർഡുകളാണ് ഡിജിറ്റൈസേഷൻ നടത്താൻ പോകുന്നതെന്ന് വിവരിക്കുമോ; | **(ബി)** | ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്ക്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വെ സെറ്റിൽമെന്റ് രേഖകളുടെ ഡിജിറ്റൈസേഷൻ മുതലായവയാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. |
| **(സി)** | നിലവിൽ ഏതെങ്കിലും വില്ലേജ് ഓഫീസ് ഡിജിറ്റൈസേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | **(സി)** | നിലവിൽ അടിസ്ഥാന റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ ആയ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം(1) ആയി ചേർക്കുന്നു. |
| **(ഡി)** | തിരുവനന്തപുരം ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഡിജിറ്റൈസേഷൻ നടത്തി യിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | **(ഡി)** | തിരുവനന്തപുരം ജില്ലയിലെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന നികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. തണ്ടപ്പേർ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം(1)

## ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1133 - പിരിവ്(സി)

| ക്രമ നമ്പർ | ജില്ല | ആകെ വില്ലേജുകൾ | ഓൺലൈൻ ആയവയുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 124 | 120 |
| 2. | കൊല്ലം | 105 | 88 |
| 3. | പത്തനംതിട്ട | 70 | 56 |
| 4. | ആലപ്പുഴ | 93 | 85 |
| 5. | കോട്ടയം | 100 | 100 |
| 6. | ഇടുക്കി | 68 | 29 |
| 7. | എറണാകുളം | 127 | 127 |
| 8. | തൃശ്ശൂർ | 255 | 245 |
| 9. | പാലക്കാട് | 157 | 153 |
| 10. | മലപ്പുറം | 138 | 138 |
| 11. | കോഴിക്കോട് | 118 | 108 |
| 12. | വയനാട് | 49 | 49 |
| 13. | കണ്ണൂർ | 132 | 115 |
| 14. | കാസർഗോഡ് | 128 | 22 |
| | **ആകെ** | **1664** | **1445** |

സെക്ഷൻ ഓഫീസർ